മെയ് 2025 | വാല്യം 17 | ലക്കം 5

# നിർമ്മലമാതാ വോയ്സ്


ഇടവക ബുള്ളറ്റിൻ



നിർമ്മല മാതാ ചർച്ച്, മൂവാറ്റുപുഴ ഈസ്റ്റ് -686 661. Tel: 2832581
(കോതമംഗലം രൂപത, മൂവാറ്റുപുഴ ഫൊറോന)
(For Private Circulation only)

# സ്നേഹ സ്മരണയ്ക്ക്

8-ാം ചരമവാർഷികം. 26.05.2025



**കുര്യൻ മത്തായി**

**വാഴയിൽ**

# സ്നേഹ സ്മരണയ്ക്ക്

11-ാം ചരമവാർഷികം. 1-5-2025



**സണ്ണി വി.വി.**

**വർങ്ങലക്കുടിയിൽ**

# നിർമ്മലമാതാ വോയ്സ്

NIRMALA MATHA VOICE ഇടവക ബുള്ളറ്റിൻ

www.nirmalamathachurch.org
nirmalamathachurch@gmail.com





മെയ് 2025 വാല്യം – 17, ലക്കം – 5



## വികാരി

**റവ. ഫാ. ജോർജ്ജ് വടക്കേൽ**
Ph : 0485 2955604, 9447386002

## കൈക്കാരന്മാർ

**ജെയിംസ് ജോസഫ് വടക്കേൽ** Ph: 9446762595, 9447694762
**ജോൺസൺ വി.എം. വെണ്ടർമ്യാലിൽ** Ph:9387823744

## അൾത്താര ശുശ്രൂഷി

**ജിതിൻ ബേബി പുത്തൻകുടിയിൽ** Ph: 7736509669

## എഡിറ്റോറിയൽ ബോർഡ്

*മാനേജിംഗ് എഡിറ്റർ :*
**റവ. ഫാ. ജോർജ്ജ് വടക്കേൽ**
*ചീഫ് എഡിറ്റർ*
**ജെയിംസ് വടക്കേൽ** Ph: 9446762595, 9447694762, 0485 2962595
email: jamesvadakkel@gmail.com
*എക്സിക്യൂട്ടീവ് എഡിറ്റേഴ്സ്*
**എൻ. ജോയി വടക്കേക്കര** Ph: 9495125346
*സബ് എഡിറ്റേഴ്സ്*
**ആന്റണി പുത്തൻപുര പുല്ലൻ** Ph:9447867202
**ജോൺസൺ വെണ്ടർമ്യാലിൽ** Ph:9387823744
**പി.ജെ.തോമസ് പൂനാട്ട്** Ph: 9846468106
**ജോസഫ് പീച്ചാട്ട്** Ph: 9447329181
**ജോർജ്ജ് മെതിപ്പാറ** Ph: 9388497918
**റ്റോമി മാറാമറ്റം** Ph: 8921998492, 9497283513
**സ്റ്റാൻലി പ്ലാക്കീൽ** Ph: 9447578828

## സഹായകസമിതി

*വാർഡ് പ്രസിഡന്റുമാർ:* 1) **ജോർജ് പേമലതുണ്ടത്തിൽ** Ph: 8075990134 2) **ജോസ് കാരികുന്നേൽ** Ph: 9400470540. 3) **വർഗീസ് വാഴയിൽ** Ph: 9447579336, 4) **ജോസ് തലയ്ക്കൽ** Ph: 9447875131. 5) **ജോർജ്ജ് മെതിപ്പാറ** Ph: 9388497918. 6) **സാബു നെടുമ്പുംപുറത്ത്** Ph: 9539795658. 7) **ജോസഫ് പുത്തനങ്ങാടി** Ph: 9447997749. 8) **ബേബി പുത്തൻകുടിയിൽ** Ph: 8606189901. 9) **ഷാബു അരയത്തിനാൽ** Ph: 8891332995. 10) **തങ്കച്ചൻ കാക്കരുകുന്നേൽ** Ph: 9605087562.



**നിർമ്മലാംബികേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ**

***പേജുകളിലൂടെ...***


**3** വികാരിയച്ചന്റെ സന്ദേശം

**5** ഫ്രാൻസീസ് മാർപാപ്പ

**11** വാർഡ് വാർഷികം

**12** വിശുദ്ധരുടെ പാതയിലൂടെ

**14** ബൈബിൾ ക്വിസ്

**16** വാർഡ് വാർത്തകൾ

**20** ദേവാലയ വായനകൾ

**21** വിശുദ്ധ ഗ്രന്ഥ വായനകൾ


**കവർ പേജ് :**

## ഫ്രാൻസീസ് മാർപാപ്പ

## ഇടവകദിനം

**2025 മെയ് 25 ഞായർ**

6.30 AM വി. കുർബ്ബാന

4.30 pm വി. കുർബ്ബാന

6.00 pm പൊതുസമ്മേളനം (കോളേജ് ഓഡിറ്റോറിയം)

**തിരുക്കർമ്മങ്ങളുടെ പുതിയ നിരക്ക്**

| | |
|---|---|
| വി. കുർബ്ബാന | Rs. 150 |
| മരിച്ചവരുടെ ഒപ്പീസ് | Rs. 50 |

# വികാരിയച്ചന്റെ സന്ദേശം



***വി. യൗസേപ്പ് – തൊഴിലാളി മദ്ധ്യസ്ഥൻ***

1955 മെയ് 1 ന് മെയ്ദിനം പ്രമാണിച്ച് വി. പത്രോസിന്റെ ബസ്ലിക്കായുടെ അങ്കണത്തിൽ തടിച്ചു കൂടിയ തൊഴിലാളികളെ അഭിസംബോധന ചെയ്തുകൊണ്ട് 12-ാം പീയൂസ് മാർപാപ്പ പറഞ്ഞു. തൊഴിലിന്റെ മാന്യത എല്ലാവരും അംഗീകരിക്കുകയും അതുവഴി നീതിപൂർവ്വകമായ അവകാശ കർത്തവ്യങ്ങളിൽ അടിയുറച്ച നിയമങ്ങളും സാമൂഹ്യവ്യവസ്ഥിതിയും രൂപീകരിക്കുന്നതിനുള്ള പ്രചോദനം സ്വീകരിക്കുകയും ചെയ്യുക എന്നുള്ളതാണ് മെയ്ദിനത്തിന്റെ ഉദ്ദേശ്യം. അന്നാണ് വി.യൗസേപ്പിതാവിനെ തൊഴിലാളികളുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായി പ്രഖ്യാപിച്ചത്. അതുവഴി തൊഴിലിന്റെ മാഹാത്മ്യം ഒരു പടി കൂടി ഉയർന്നിരിക്കുകയാണ്.

പക്ഷികൾ പറക്കാനായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നതുപോലെ മനുഷ്യൻ അദ്ധ്വാനത്തിനായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്നാണ് ജോബിന്റെ പുസ്തകത്തിൽ നാം വായിക്കുന്നത്. മനുഷ്യനെ സൃഷ്ടിച്ച ദൈവം ലോകത്തെ മുഴുവൻ കീഴടക്കുവാനുള്ള ദൗത്യമാണ് അവന് നൽകിയത്. അദ്ധ്വാനം വഴി മനുഷ്യൻ ദൈവത്തിന്റെ പ്രവർത്തനത്തിൽ പങ്കുചേരുകയാണ് ചെയ്യുന്നത്. എന്നാൽ പാപത്തിനുശേഷം വേല ഒരു ശിക്ഷ കൂടിയായി. നീ പൊടിയിലേക്ക് പിന്തിരിയുന്നതു വരെ നിന്റെ നെറ്റിയിലെ വിയർപ്പുകൊണ്ട് അപ്പം ഭക്ഷിക്കുക എന്നാണല്ലോ ദൈവം ആദത്തോട് കല്പിച്ചത് . പാപത്തിനു മുമ്പ് വേല ആയാസരഹിതമായിരുന്നുവെങ്കിൽ പാപത്തിനുശേഷം അത് ഭാരമായിത്തീർന്നു. ജോലി പാപ പരിഹാരത്തിനും വിശുദ്ധീകരണത്തിനുമുള്ള മാർഗ്ഗമായി കൂടി ദൈവം നിശ്ചയിച്ചു.

സൃഷ്ടിയുടെ പുസ്തകത്തിൽ ദൈവം ആറ് ദിവസം ജോലി ചെയ്ത് ഏഴാം ദിവസം വിശ്രമിച്ചതായി കാണുന്നു. ആറു ദിവസം അദ്ധ്വാനിച്ച് ജോലി ചെയ്യുക, ഏഴാം ദിവസം സാബത്താകുന്നു അന്ന് നീ വേല ചെയ്യരുത് എന്ന പുറപ്പാടിന്റെ പുസ്തകത്തിലെ പരാമർശം അദ്ധ്വാനത്തിന്റെ ആവശ്യകതയിലേക്കു വിരൽ ചൂണ്ടുന്നുണ്ട്.

മനുഷ്യാവതാരം ചെയ്ത ദൈവസുതൻ വേലയുടെ മഹത്വം നമ്മെ മനസ്സിലാക്കാൻ വേണ്ടിയാണ് ഒരു തൊഴിലാളിയായി ജീവിച്ചത്. ജീവിതത്തിൽ അലസനായിരിക്കുന്നവനെ വി.ഗ്രന്ഥം കുറ്റപ്പെടുത്തുന്നു. മടിയാ എറുമ്പിന്റെ അടുക്കൽ ചെല്ലുക; അതിന്റെ വഴികളെ നോക്കി ബുദ്ധി പഠിക്കുക എന്നും മടി തിന്മകളുടെ ഗുരുവാകുന്നുവെന്നും പ്രഭാഷകൻ നമ്മെ പഠിപ്പിക്കുന്നു. ഇസ്രായേൽക്കാർ ജോലി ഒരു സുകൃതമായിട്ടാണ് കരുതിയിരുന്നത്.

ജോലി ചെയ്യുക എന്നാൽ പ്രാർത്ഥിക്കുക എന്നതായിരുന്നു ബനഡിക്റ്റൈൻ സന്യാസികളുടെ ആദർശം. നമ്മുടെ ജോലി വഴി സർവ്വതും ക്രിസ്തുവിൽ നവീകരിക്കുന്ന പ്രക്രിയയിലും നമ്മുടെ ക്രിസ്തുവത്ക്കരണത്തിലുമാണ് നാം

സഹകരിക്കുന്നത് എന്നാണ് ഫാ. തെയ്യാർ ദെഷർദാൻ അഭിപ്രായപ്പെടുന്നത്. ലോകത്തിലുള്ളതെല്ലാം നമ്മെ ദൈവത്തോട് ഐക്യപ്പെടുത്തുന്ന കൂദാശയാണ് ചിന്തകനായ ഫാ. എഡ്‌വേർഡ് ഷില്ലബെക്ക് പറയുന്നത്. മഹാനായ വി.ഗ്രിഗറി പറയുന്നു "നമ്മുടെ വേല തന്നെ നമ്മെ പവിത്രീകരിക്കുന്ന കൂദാശയാണ്." വി. ആഗസ്തിനോസും വി.തോമസ് അക്വിനാസും ചെയ്തതുപോലുള്ള സഭാസേവനമായിരിക്കാം ഒരു സന്യാസ ഭവനത്തിന്റെ കാവൽക്കാരനായി സേവനമനുഷ്ഠിക്കുന്ന ഒരു സഹോദരനോ എളിയ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ഒരു വ്യക്തിയോ ചെയ്യുന്നത്. നാം എന്തു ജോലി ചെയ്യുന്നു എന്നതല്ല ദൈവം പരിഗണിക്കുന്നത് പ്രത്യുത എത്ര സ്നേഹത്തോടും നല്ല ഉദ്ദേശ്യത്തോടും കൂടി ചെയ്തു എന്നതാണ്. നമ്മുടെ വിശുദ്ധി അടങ്ങിയിരിക്കുന്നത്, ഓരോ നിമിഷത്തെയും വിശുദ്ധീകരിക്കുന്ന ഒരു കൂദാശയാക്കിത്തീർക്കുന്നതിലാണ്.

ഓരോ തൊഴിലാളിയും വി.യൗസേപ്പിനെ മാതൃകയായി സ്വീകരിക്കണം. ആശാരിപ്പുരയിൽ പണിയെടുത്തുകൊണ്ട് പുണ്യത്തിന്റെ പാരമ്യത്തിൽ എത്തുവാൻ ആ വിശുദ്ധന് കഴിഞ്ഞു. കാരണം അദ്ദേഹം ദൈവത്തെ സ്നേഹിച്ചു. കന്യകമറിയത്തേയും ഉണ്ണിയേശുവിനെയും അദ്ദേഹം സംരക്ഷിക്കുകയും സ്വജീവിതം മാതൃകാപരമായി ഉയർത്തിപ്പിടിക്കുകയും ചെയ്തു. ദൈവവിചാരവും പ്രാർത്ഥനയും കൗദാശിക ജീവിതവും തൊഴിലാളികളുടെ ഇടയിൽ കുറഞ്ഞുപോയിട്ടില്ലേ? അവർ തങ്ങളുടെ മക്കൾക്കു മാതൃകാപരമായ ഒരു ജീവിതം കാണിച്ചു കൊടുക്കുന്നുണ്ടോ? ജീവിതപങ്കാളിയേയും മക്കളേയും സ്നേഹത്തോടെ സംരക്ഷിക്കാൻ അവർ താല്പര്യപ്പെടുന്നുണ്ടോ? അതോ കിട്ടുന്ന വേതനം മുഴുവൻ പാഴാക്കി കുടുംബാംഗങ്ങളെ പട്ടിണിയിടുകയാണോ? കുടുംബമാകുന്ന ദൈവാലയത്തിലെ പുരോഹിതനാണ് കുടുംബനാഥൻ . അതുകൊണ്ട് ദൈവ തിരുസന്നിധിയിൽ കുടുംബത്തിന്റെ പ്രാർത്ഥനകൾ അയാൾ സമർപ്പിക്കണം. എന്നാൽ കുടുംബപ്രാർത്ഥനയിലും വാർഡ് തല കൂട്ടായ്മയിലും യഥാവിധി പങ്കെടുക്കുന്നുണ്ടോയെന്ന് തൊഴിലാളി സഹോദരൻ പരിശോധിക്കണം. തൊഴിലാളി കുടുംബത്തെ സ്നേഹിക്കണം. ജോലി കഴിഞ്ഞാൽ വേഗം കുടുംബത്തിൽ എത്തുവാൻ താല്പര്യപ്പെടണം. ഭവനത്തിലേക്കാവശ്യമായ സാധനങ്ങൾ വാങ്ങി ഭക്ഷണം തയ്യാറാക്കി കുടുംബാംഗങ്ങളോടൊത്ത് വീട്ടിലിരുന്ന് ഭക്ഷണം കഴിക്കുന്നതിൽ അവൻ സന്തോഷം കണ്ടെത്തണം. മക്കളെ ദൈവ വിശ്വാസികളും മതഭക്തരും സന്മാർഗ്ഗ ബോധമുള്ളവരുമായി വളർത്തുവാൻ അവൻ പരിശ്രമിക്കണം. ജീവിതത്തിന്റെ പരമമായ ലക്ഷ്യം ദൈവത്തിൽ എത്തിച്ചേരുകയാണെന്ന സത്യം ഉൾക്കൊണ്ടുകൊണ്ട് ഏതൊരു തൊഴിലിലായാലും തന്റെ പരിത്രാണത്തിന് ദൈവം നിശ്ചയിച്ച ജോലി മഹത്തരമാണെന്ന് മനസ്സിലാക്കി വി.യൗസേപ്പിതാവിനെപ്പോലെ ദൈവത്തിനുവേണ്ടി ജീവിക്കാൻ നമുക്കെല്ലാവർക്കും പരിശ്രമിക്കാം. അതിനുള്ള ദൈവാനുഗ്രഹം തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പ് പിതാവു വഴി ലഭിക്കുവാൻ നമുക്ക് തീക്ഷ്ണമായി പ്രാർത്ഥിക്കാം.

സ്നേഹപൂർവ്വം
വികാരിയച്ചൻ
**ഫാ. ജോർജ്ജ് വടക്കേൽ**

# ഫ്രാൻസിസ് മാർപാപ്പ–266–ാമത്തെ മാർപാപ്പ. ലാറ്റിൻ അമേരിക്കയിൽ നിന്നുള്ള ആദ്യത്തെ മാർപാപ്പ. ഈശോ സഭയിൽ നിന്നുള്ള ആദ്യ മാർപാപ്പ.

**കരുണയുടെ ആൾരൂപം. ലാളിത്യം മുഖമുദ്ര.**

***കരുണയുടെ യഥാർത്ഥ കവാടം കുടികൊള്ളുന്നത് ക്രിസ്തുവിന്റെ ഹൃദയത്തിലാണ്. അതൊരിക്കലും അടക്കപ്പെടുകയില്ലെന്നു മാത്രമല്ല അനുരഞ്ജനപ്പെട്ട് ഓടി വരുന്ന ഏതൊരാൾക്കുമായി എപ്പോഴും തുറന്നു തന്നെ കിടക്കും. (ഫ്രാൻസിസ് മാർപാപ്പ)***

2013 മാർച്ച് 13, വത്തിക്കാൻ സമയം വൈകിട്ട് 7.01. സിസ്റ്റൈൻ ചാപ്പലിന്റെ ചിമ്മിനിയിൽനിന്നും വെള്ളപ്പുകയർന്നു. സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ തടിച്ചുകൂടിയ പതിനായിരക്കണക്കിനു വിശ്വാസികളുടെ മുഖത്ത് അദ്ഭുതവും ആകാംക്ഷയും. അവരുടെ കണ്ഠങ്ങളിൽനിന്ന് ആഹ്ലാദാരവമുയർന്നു. "ഹബേമൂസ് പാപ്പാം". അന്ത രീക്ഷത്തിലാകെ പരിശുദ്ധിയുടെ പരിമളം പരന്നു. ദേവാലയമണികൾ അനസ്യൂതം മുഴങ്ങി. തങ്ങളുടെ പുതിയ പപ്പായെ കാണാൻ വിശ്വാസി സഹസ്രങ്ങൾ ബാൽക്കണിയിലേക്കു കണ്ണും നട്ടിരുന്നു.

ഏതാണ്ട് അരമണിക്കൂർ കഴിഞ്ഞതോടെ കർദിനാൾ സംഘത്തിന്റെ ഡീനായ ഫ്രഞ്ച് കർദിനാൾ ഷോൺ ലൂയി ടൌറാൻ അവിടേക്കെത്തി. പുതിയ മാർപാപ്പയുടെ പ്രഖ്യാപനം നടത്തി; കർദിനാൾ ജോർജ് മരിയ ബർഗോളിയോ. " വിവാ ഇൽ പാപ്പാ " (പാപ്പാ, നീണാൾ വാഴട്ടെ) വിളികൾക്കിടെ മിനിറ്റുകൾക്കകം ജനാലയിൽ ഒരു സാധുമനുഷ്യൻ പ്രത്യക്ഷ പ്പെട്ടു. പതിവിനു വിപരീതമായി വന്നപാടെ കൈനീട്ടി, ശിരസല്പം കുനിച്ച്, ദൈവം എന്നെ അനുഗ്രഹിക്കാൻ നിങ്ങൾ എനിക്കുവേണ്ടി പ്രാർഥിക്കണമേ, എന്ന് അഭ്യർഥിച്ചു. തുടർന്നായിരുന്നു റോമാ നഗരത്തിനും ലോകത്തിനുമായുള്ള ഔദ്യോഗിക ആശീർവാദം (ഊർബി എത് ഓർബി).

അർജന്റീനക്കാരനായ കർദിനാൾ ബർഗോളിയോ ചരിത്രത്തിൽ ആദ്യമായി വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ നാമം സ്വീകരിക്കാൻ തീരുമാനിച്ചു; പോപ്പ് ഫ്രാൻസിസ്. 1282 വർഷങ്ങൾക്കുശേഷം യൂറോപ്പിനു പുറത്തുനിന്നുള്ള മാർപാപ്പ. സഭ സാർ വത്രികമാണെന്ന് അടിവരയിട്ട ഒരു തെരഞ്ഞെടുപ്പ്. ഈശോസഭയിൽ നിന്നുള്ള ആദ്യത്തെ മാർപാപ്പ; ലാറ്റിനമേരിക്കയിൽ നിന്നുള്ള ആദ്യ പാപ്പാ

## സ്വർണക്കുരിശും മാലയും വേണ്ടെന്നുവച്ചു

അസീസിയിലെ വിശുദ്ധ ഫ്രാൻസീസിനെപ്പോലെ ലാളിത്യം ജീവിത വ്രതമാക്കിയ നിഷ്കളങ്കനായ മനുഷ്യൻ. വത്തിക്കാൻ കൊട്ടാരം വേണ്ടെന്നുവച്ച് കർദിനാൾ എന്ന നില യിൽ കോൺക്ലേവിനായി താമസിച്ച അതേ അപ്പാർട്ട്മെന്റ് താമസത്തിനായി തെരഞ്ഞെടുത്തതോടെ പോപ്പ് ഫ്രാൻസിസ് തന്റെ നയം വ്യക്തമാക്കുകയായിരുന്നു. കോൺക്ലേവിനു ശേഷം മറ്റ് കർദിനാൾമാർക്കൊപ്പം ബസിൽ യാത്രചെയ്തതും സാന്തോം

മരിയായിൽ താമസിക്കാൻ തീരുമാനിച്ചതുമെല്ലാം ഏവരിലും ഏറെ അമ്പരപ്പുളവാക്കി. മാർപാപ്പ മാർ പരമ്പരാഗതമായി ധരിക്കുന്ന ചുവന്ന ഷൂസും സ്വർണക്കുരിശുമാലയും വേണ്ടെന്നുവച്ചു. താൻ ധരിച്ചിരുന്ന വെള്ളിക്കുരിശുമാലയും കറുത്ത ഷൂസും തുടർന്നും ധരിക്കാൻ തീരുമാനമെടുത്തു. മോതിരവും വെള്ളിയുടേതുമാത്രം.

മാർപാപ്പ സ്ഥാനം ആഡംബരപൂർണമാക്കുന്നതെല്ലാം അദ്ദേഹം ഉപേക്ഷിച്ചു; താൻ സ്വീകരിച്ച പേര് അന്വർഥമാക്കുന്ന അസീസിയിലെ വിശുദ്ധ ഫ്രാൻസിസിനെപ്പോലെ. മാർപാപ്പമാർ സാധാരണയായി ഞായറാഴ്ചകളിൽ സ്ഥാനമേൽക്കാറുള്ളതിനു പകരം വിശുദ്ധ യൗസേപ്പിതാവിന്റെ മരണത്തിരുനാളായ മാർച്ച് 19 നു ചൊവ്വാഴ്ച സ്ഥാനമേറ്റു. ഇതോടെ ആഗോള കത്തോലിക്കാസഭയിൽ ഒരു പുതുയുഗപ്പിറവിക്കു നാന്ദി കുറിക്കുക യായിരുന്നു.

## അനുകമ്പയുടെ ആൾരൂപം

മേഘാവൃതമായ ആകാശത്തിലും പ്രത്യാശയുടെ വെള്ളി വെളിച്ചം കാണാൻ നമുക്കു കഴിയണമെന്നാണു സ്ഥാനാരോഹണ ദിവ്യബലിമധ്യേ പാപ്പാ പറഞ്ഞത്. വിശക്കുന്നവനും ദാഹിക്കുന്നവനും പരദേശിക്കും നഗ്നനും രോഗിക്കും കാരാഗൃഹവാസിക്കും എല്ലാം ഈ പ്രത്യാശയുടെ പ്രകാശം പകർന്നു നൽകാൻ ക്രൈസ്തവരായ നമുക്കു കടമയുണ്ട് എന്നായിരുന്നു അന്നദ്ദേഹം പറഞ്ഞുവച്ചത്.

സ്ഥാനാരോഹണശുശ്രൂഷകൾക്കു വരുംവഴി ശാരീരിക ന്യൂനതയുള്ള ചെസറേ ചിച്ചോണി എന്ന അമ്പതുകാരനും കുഞ്ഞുങ്ങൾക്കും സ്നേഹചുംബനം നൽകിയാണ് അദ്ദേഹം എത്തിയതുതന്നെ. അധികാരം ശുശ്രൂഷയാണെന്നു പറയുക മാത്രമല്ല, ദിവസങ്ങൾക്കുള്ളിൽ ലോകത്തിനു കാണിച്ചുകൊടുക്കുകയും ചെയ്തു പാപ്പാ. സ്ഥാനമേറ്റ് ഒമ്പതാംദിനം പെസഹാ വ്യാഴാഴ്ച റോമിലെ കാസൽ ദെ മാർമോയിലെ 12 തടവുകാരുടെ കാലുകൾ കഴുകിയാണ് അദ്ദേഹം ക്രിസ്തുവിന്റെ പാത പിന്തുടർന്നത്. കർദിനാളായിരിക്കേ 2001ൽ 12 എയ്ഡ് രോഗികളുടെ കാലുകൾ കഴുകി ചുംബിച്ച് പെസഹായിലെ പാദക്ഷാളനശുശ്രൂഷയ്ക്ക് ആധുനികലോകത്തിൽ പുത്തൻ ഭാഷ്യം ചമച്ചിരുന്നു ക്രിസ്തുവിന്റെ ഈ പ്രതിപുരുഷൻ.

## തിരുമുറിവുകളെ ചുംബിച്ച്...

മാർപാപ്പയായശേഷം ആദ്യത്തെ സെന്റ് തോമസിന്റെ തിരുനാളിൽ വിശുദ്ധ കുർബാനമധ്യേ അദ്ദേഹം പറഞ്ഞത് തോമാശ്ലീഹായെപ്പോലെ ക്രിസ്തുവിന്റെ തിരുമുറിവുകളെ ചുംബിക്കണമെന്നാണ്. "ആ മുറിവുകളെ സ്പർശിക്കാൻ നമുക്കു കഴിയണം. അപാരമായ ദയാവായ്പോടെ, അനുകമ്പയോടെ നമുക്കു മുറിവുകൾ വച്ചുകെട്ടാനാകണം. അക്ഷരാർഥത്തിൽ അവിടത്തെ മുറിവുകളെ നമുക്കു ചുംബിക്കാം, അസീസിയിലെ വിശുദ്ധ ഫ്രാൻസിസ് കുഷ്ഠരോഗിയെ ഉമ്മവച്ചപോലെ അപ്പോൾ, അവന്റെ ജീവിതമാകെ മാറിമറിയും.

## ലോകം ഞെട്ടിയ ആലിംഗനം, ചുംബനം

മാസങ്ങൾ കഴിഞ്ഞു. നവംബർ ആറ് ബുധനാഴ്ച. സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ ജനറൽ ഓഡിയൻസിനായി പാപ്പാ ജനമധ്യത്തിലേക്ക് എത്തുകയാണ്. പെട്ടെന്നാണ് ആദൃശ്യം ഏവരെയും അദ്ഭുതസ്തബ്ധരാക്കിയത്.

അസാധാരണമായ ചർമരോഗംമൂലം (ന്യൂറോ ഫൈബ്രോമാറ്റോസിസ്) മുഖം തിരിച്ചറിയാനാവാത്തവിധം കുരുക്കളും മുഴകളും കൊണ്ട് മൂടിയ വിരൂപനായ ഒരു മനുഷ്യനെ മാർപാപ്പ ആശ്ലേഷിക്കുകയും ചുംബിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യുന്ന കാഴ്ച. മിനിറ്റുകൾക്കുള്ളിലാണ് ഈ പ്രവൃത്തി ലോകം മുഴുവൻ വൈറൽ ആയത്.

ഇതേക്കുറിച്ച് വിനീഷ്യ റിവ എന്ന ആ ഇറ്റലിക്കാരൻ പിന്നീട് പറഞ്ഞതിപ്രകാരമാണ്: "പരിശുദ്ധ പിതാവ് എന്നെ അദ്ദേഹത്തോട് അടുപ്പിച്ചു. തന്റെ മൃദുലവും സുന്ദരവുമായ കൈകൾ നീട്ടി ജന്മനാ വിരൂപനായ എന്നെ ആലിംഗനം ചെയ്തു. കവിളിൽ ഉമ്മവച്ചു. വലതുകൈ എന്റെ കൈയിലെടുത്തുവച്ച് ഇടതു കൈകൊണ്ട് എന്നെ ഒന്നുകൂടി ചേർത്തുപിടിച്ചു. അപ്പോൾ എന്റെ വിരൂപമായ മുഖം അദ്ദേഹത്തിന്റെ നെഞ്ചോടു ചേർന്നിരുന്നു. ഒന്നുകൂടി അദ്ദേഹം മുറുക്കി കെട്ടിപ്പിടിച്ചു. എന്തൊക്കെയോ സംസാരിക്കണമെന്ന് എനിക്കു തോന്നി. പക്ഷേ, ഒരക്ഷരംപോലും പുറത്തുവന്നില്ല. എന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. എന്റെ ജീവിതത്തിലെ മുഴുവൻ ദുഃഖഭാരവും, എനിക്ക് ആരുമില്ല, എന്നെ ആർക്കുംവേണ്ട എന്ന തോന്നലുമെല്ലാം അലിഞ്ഞുപോയി. വല്ലാത്തൊരു സ്നേഹാനുഭവം എന്റെ ഉള്ളിൽ വന്നുനിറഞ്ഞു."

രണ്ടാംക്രിസ്തു എന്നറിയപ്പെട്ട വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ പാത തന്നെ അദ്ദേഹത്തിന്റെ നാമധാരിയായ മാർപാപ്പ ഈ യുഗത്തിലും അനുവർത്തിക്കുന്നുവെന്നായിരുന്നു ലോകം ഈ പ്രവൃത്തിയെ വിലയിരുത്തിയത്.

## കരുണയുടെ ജൂബിലി

മാർപാപ്പയായി തെരഞ്ഞെടുക്കപ്പെട്ടതിന്റെ രണ്ടാം വാർഷികവേളയിലാണ് 2015 ഡിസംബർ എട്ടുമുതൽ 2016 നവംബർ 20 വരെ കരുണയുടെ അസാധാരണ ജൂബിലി വർഷമായി ഫ്രാൻസിസ് മാർപാപ്പ പ്രഖ്യാപിച്ചത്. ലോകമെമ്പാടുമുള്ള ജനങ്ങളെ അനുരഞ്ജനത്തിന് ആഹ്വാനം ചെയ്തുകൊണ്ട് സഭയുടെ ഓരോ ദേവാലയങ്ങളിലും വിശുദ്ധകവാടം തുറന്നു.

ഓരോ മാസവും ലോകത്തിനു മാതൃകയാകുന്ന ഒരു കാരുണ്യപ്രവൃത്തി അദ്ദേഹം ചെയ്തു. തടവുകാരെയും അവരുടെ കുടുംബാംഗങ്ങളെയും അദ്ദേഹം ദിവ്യബലിയിലേക്കു ക്ഷണിച്ചു. വേശ്യാവൃത്തി ഉപേക്ഷിച്ചവരെ സന്ദർശിച്ച് ആത്മീയവും ധാർമികവുമായ ധൈര്യവും പിന്തുണയും പകർന്നു.

ജൂബിലിയുടെ സമാപനദിവ്യബലിയിൽ മാർപാപ്പ പറഞ്ഞതിങ്ങനെ: "കരുണയുടെ വിശുദ്ധകവാടം ഇന്ന് സഭ ഔദ്യോഗികമായി അടയ്ക്കുമെങ്കിലും കരുണയുടെ യഥാർഥകവാടം കുടികൊള്ളുന്നതു ക്രിസ്തുവിന്റെ ഹൃദയത്തിലാണ്. അതൊരിക്കലും അടയ്ക്കപ്പെടുകയില്ലെന്നു മാത്രമല്ല അനുരഞ്ജനപ്പെട്ട് ഓടിവരുന്ന ഏതൊരാൾക്കുമായി എപ്പോഴും തുറന്നുതന്നെ കിടക്കും".

എളിമയുടെയും ലാളിത്യത്തിന്റെയും കരുണയുടെയും അനുകമ്പയുടെയും ജീവിക്കുന്ന സാക്ഷ്യമായിരുന്നു, ആൾ രൂപമായിരുന്നു ഫ്രാൻസിസ് മാർപാപ്പ.

സഭയുടെ ചരിത്രത്തിൽ വന്നുപോയിട്ടുള്ള ചില തെറ്റുകൾക്കു മാപ്പു ചോദിക്കാനും മടികാട്ടിയില്ല. ഫ്രാൻസിസ് മാർപാപ്പ. ചില വൈദികരുടെ ലൈംഗികദുരുപയോഗ ത്തിനിരയായവരോട് പരസ്യമായി മാപ്പു ചോദിച്ചതാണ് അതിലൊന്ന്. സഭയിലെ പുഴുക്കുത്തുകൾക്കെതിരേയും കൃത്യമായ മുന്നറിയിപ്പുകൾ എപ്പോഴും നൽകിയിരുന്നു.

മെത്രാനായ കാലംമുതൽ ഔദ്യോഗികവസതി ഉപേക്ഷിച്ച് നഗരപ്രാന്തത്തിലെ അപ്പാർട്ട്മെന്റിൽ ലളിതജീവിതം നയിച്ച പൊതുഗതാഗത സംവിധാനങ്ങളിൽ മാത്രം യാത്ര ചെയ്തിരുന്ന ആ ലാളിത്യം മാർപാപ്പയായപ്പോഴും അദ്ദേഹം കാത്തു സൂക്ഷിച്ചു. തനിക്കുള്ള ശവമഞ്ചം പോലും പാരമ്പര്യം വിട്ട് ലളിതമായിരിക്കണമെന്നും തന്റെ സംസ്കാരം മറ്റു മാർപാപ്പമാരുടേതുപോലെ സെന്റ്പീറ്റേഴ്സ് ബസിലിക്കയ്ക്കു താഴെ വേണ്ടെന്നും തീരുമാനിച്ച് അറിയിച്ചതും ഈശോ സഭക്കാരനായ മാർപാപ്പയുടെ ലാളിത്യപ്രേമം വ്യക്തമാക്കുന്നതാണ്.

മാർപാപ്പയുടെ ഓരോ അപ്പസ്തോലികപ്രബോധനവും ലോകം ശ്രദ്ധിച്ച പ്രത്യാശയുടെ പ്രവാചകശബ്ദമായിരുന്നു. കാലാവസ്ഥാപ്രതിസന്ധിയും നമ്മുടെ പൊതുഭവനമായ ഭൂമിയുടെ പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്തേണ്ടതിന്റെ ആവശ്യകതയും ചൂണ്ടിക്കാട്ടുന്നതായിരിന്നു മാർപാപ്പയുടെ 'ലൗദാത്തോസി' എന്ന അപ്പസ്തോലികപ്രബോധനം. മറ്റു വിവിധ വിഷയങ്ങളിലെ നിലപാടുകളും നിർദ്ദേശങ്ങളേയും വ്യക്തമാക്കുന്ന പ്രബോധനങ്ങളേറെ പുറത്തിറക്കി. ഒടുവിൽ, മരണാനന്തരം പ്രസിദ്ധീകരിക്കണമെന്ന് ആദ്യം തീരുമാനിച്ചിരുന്ന സ്വന്തം ആത്മകഥയും.

## ചാക്രിക ലേഖനങ്ങൾ

**ദിലേക്സിത് നോസ്**

(അവിടുന്ന് നമ്മെ സ്നേഹിച്ചു. 2024 ഒക്ടോബർ 24) മുറിവേൽപ്പിക്കപ്പെട്ട ക്രിസ്തുവിന്റെ തിരുഹൃദയത്തെക്കുറിച്ചും, ഈശോയുടെ മാനുഷിക - ദൈവിക സ്നേഹത്തെക്കുറിച്ചും ഉദ്ബോധിപ്പിക്കുന്നു.

**ഫ്രത്തെല്ലി തൂത്തി**

(നാം സോദരർ, 2020 ഒക്ടോബർ 03) സാഹോദര്യത്തെയും സാമൂഹിക സൗഹൃദ ത്തെയുംകുറിച്ച് പ്രതിപാദിക്കുന്നു.

**ലൗദാത്തോ സി**

(അങ്ങേയ്ക്കു സ്തുതി, 2015 മേയ് 24)

പരിസ്ഥിതിയുടെ സംരക്ഷണത്തെക്കുറിച്ച് പ്രതിപാദിക്കുന്നു.

**ലൂമൻ ഫിദേയി**

(വിശ്വാസത്തിന്റെ വെളിച്ചം, 2013 ജൂൺ 29) വിശ്വാസത്തെക്കുറിച്ച് ഉദ്ബോധിപ്പിക്കുന്നു.

**ജീവിതരേഖ**

1936 ഡിസംബർ 17:

അർജൻറീനയിലെ ബ്യൂണസ് ഐറിസിൽ ഹോർഗെ മാരിയോ ബെർഗോളിയോ ജനിച്ചു 1960 മാർച്ച് 12: ഈശോസഭയിൽ പ്രഥമ വ്രതവാഗ്ദാനം 1961- 1963 : ബ്യൂണസ് ഐറസിലെ സാൻമിഹേൽ സെമിനാരിയിൽ തത്വശാസ്ത്രപഠനം

1967 - 1969: ദൈവശാസ്ത്ര പഠനം

1969 ഡിസംബർ 13 : ഈശോസഭയിൽ

പൗരോഹിത്യ സ്വീകരണം

1973 - 1979 : അർജന്റീനയും ഉറുഗ്വേയും ഉൾപ്പെട്ട പ്രൊവിൻസിന്റെ സുപ്പീരിയർ

1979 - 1985: കോളേജിയോ മാക്സിമോയിൽ ദൈവശാസ്ത്ര അധ്യാപകനും റെക്ടറും 1986 : ജർമനിയിൽ പിഎച്ച്.ഡി. പൂർത്തിയാക്കി

1992 ജൂൺ 27: ബ്യൂണസ് ഐറിസിലെ സഹായമെത്രാൻ

1998 ഫെബ്രുവരി 28 - 2013: ബ്യൂണസ് ഐറിസിലെ മെത്രാപ്പോലീത്ത

2001 ഫെബ്രുവരി 21: കർദിനാളായി 2005 - 2011: അർജന്റിനിയൻ ബിഷപ്സ് കോൺഫറൻസ് പ്രസിഡന്റായി

2013 മാർച്ച് 13 : കർദിനാളുമാരുടെ കോൺക്ലേവിൽ മാർപാപ്പയായി തെരഞ്ഞെടുക്കപ്പെട്ടു

2013 മാർച്ച് 19: ഫ്രാൻസിസ് എന്ന പേര് സ്വീകരിച്ചുകൊണ്ട് 266 - ാമത് മാർപാപ്പയായി സ്ഥാനമേറ്റെടുത്തു

2013 ജൂൺ 29: പ്രഥമ ചാക്രികലേഖനം ' ലുമെൻ ഫിദേയി ' പുറത്തിറങ്ങി

2013 ഡിസംബർ: ടൈം മാഗസിൻ ' പേഴ്സൺ ഓഫ് ദ ഇയർ ' ആയി തെരഞ്ഞെടുത്തു

2015 മാർച്ച് 13: കരുണയുടെ ജൂബിലി വർഷം 2015 ഡിസംബർ 8 മുതൽ നവംബർ 20, 2016 വരെ നടക്കുമെന്ന് പ്രഖ്യാപിച്ചു

2024 മേയ് 9: ജൂബിലി വർഷമായി 2025നെ പ്രഖ്യാപിച്ചു.

# കോൺക്ലേവ് മെയ് ഏഴു മുതൽ

## ഫ്രാൻസിസ് മാർപാപ്പയുടെ പിൻഗാമിയെ കണ്ടെത്താൻ

### വോട്ടവകാശം 135 കർദിനാൾമാർക്ക്

വത്തിക്കാൻ സിറ്റി: ഫ്രാൻസിസ് മാർപാപ്പയുടെ പിൻഗാമിയെ തെരഞ്ഞെടുക്കാനുള്ള കർദിനാൾമാരുടെ നിർണായക കോൺക്ലേവ് മേയ് ഏഴിന് ആരംഭിക്കുമെന്ന് വത്തിക്കാൻ അറിയിച്ചു. ആഗോള കത്തോലിക്കാ സഭയുടെ 267-ാമത് മാർപാപ്പയെ തെരഞ്ഞെടുക്കുന്നതിനുള്ള കോൺക്ലേവിന്റെ ഒരുക്കങ്ങൾ തുടരുന്നതിനിടെയാണ് ഇന്നലെ രാവിലെ വത്തിക്കാനിൽ നടന്ന കർദിനാൾ സംഘത്തിന്റെ പൊതുയോഗം കോൺക്ലേവിന്റെ തീയതി തീരുമാനിച്ചത്.

കും, ക്ലാവേ എന്നീ രണ്ടു ലത്തീൻ വാക്കുകൾ സംയോജിപ്പിച്ചതാണ് കോൺക്ലേവ് എന്ന പദം. 'താക്കോൽ സഹിതം' എന്നർഥം. കർദിനാൾമാർ അകത്തു പ്രവേശിക്കുമ്പോൾ വാതിൽ പൂട്ടുന്നതുകൊണ്ടാണ് ഈ പേര്.

കോൺക്ലേവിനു മുന്നോടിയായി മേയ് ഏഴിനു രാവിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ കർദിനാൾ തിരുസംഘത്തിന്റെ തലവൻ കർദിനാൾ ജൊവാന്നി ബാത്തിസ്തറേയുടെ മുഖ്യകാർമികത്വത്തിൽ എല്ലാ കർദിനാൾമാരും പങ്കെടുക്കുന്ന വിശുദ്ധ കുർബാന നടക്കും. 'പ്രോ എലിജെൻദോ റൊമാനോ പൊന്തിഫീച്ചെ' എന്ന പേരിലാണ് കോൺക്ലേവിനു മുന്നോടിയായുള്ള ഈ വിശുദ്ധ കുർബാന അർപ്പണം അറിയപ്പെടുന്നത്.

വിശുദ്ധ കുർബാനയെത്തുടർന്ന് സകല വിശുദ്ധരുടെയും ലുത്തിനിയ ചൊല്ലി പ്രദക്ഷിണമായി ഔദ്യോഗികമായ ചുവന്ന വസ്ത്രം ധരിച്ചു സിസ്റ്റൈൻ ചാപ്പലിലേക്കു നീങ്ങും. ഫോണുൾപ്പെടെ എല്ലാവിധ ഇലക്ട്രോണിക് ഉപകരണങ്ങളും സ്വിസ് ഗാർഡുകളുടെ നിയന്ത്രണത്തിൽ ഏൽപ്പിച്ചതിനുശേഷം ദേഹപരിശോ ധനയ്ക്കുശേഷമാണ് അവർ കോൺക്ലേവിനായി ചാപ്പലിൽ പ്രവേശിക്കുക. ഇതോടെ ഡീൻ ചാപ്പലിന്റെ വാതിൽ അടയ്ക്കും. തുടർന്ന് പരിശുദ്ധാത്മാവിന്റെ വരദാനത്തിനായും മാർഗനിർദേശത്തിനായും പ്രാർഥിച്ച ശേഷം പ്രതിജ്ഞയെടുക്കും. പിന്നീട് നടക്കുന്ന കോൺക്ലേവ് അതീവ രഹസ്യസ്വഭാവത്തോടെയായിരിക്കും. പുതിയ മാർപാപ്പയെ തെരഞ്ഞെടുത്താൽ മാത്രമേ ചാപ്പലിന്റെ വാതിൽ തുറക്കൂ. അതുവരെ കർദിനാൾമാർ ക്ക് പുറംലോകവുമായി യാതൊരു ബന്ധവും ഉണ്ടായിരിക്കില്ല. താമസവും ഭക്ഷണവുമെല്ലാം സിസ്റ്റൈൻ ചാപ്പലിനുള്ളിൽ തയാറാക്കിയിരിക്കുന്ന സ്ഥലത്തായിരിക്കും. സിക്സ്റ്റ സ് നാലാമൻ മാർപാപ്പയാണ് ഈ ചാപ്പൽ നിർമിച്ചത് (1473-1481). അദ്ദേ ഹം പണിയിച്ചതുകൊണ്ടാണ് സി സ്റ്റൈൻ എന്ന പേരുണ്ടായത്. വിശ്രുത കലാകാരൻ മൈക്കലാഞ്ചലോ ഈ ചാപ്പലിന്റെ മദ്ബഹാഭിത്തിയിൽ അന്ത്യവിധിയുടെ ചിത്രം രചിക്കു ന്നത് 1535-41 വർഷങ്ങളിലാണ്.

250 ലധികം അംഗങ്ങളുള്ള കർദിനാൾ സംഘത്തിലെ 80 വയസിൽ താഴെ പ്രായമുള്ള 135 കർദിനാൾമാർക്കാണ് വോട്ടവകാശമുള്ളത്. 72 രാജ്യങ്ങളിൽ നിന്നുള്ള കർദിനാൾ ഇലക്ടേഴ്സിന്റെ വോട്ടെടുപ്പിൽ മൂന്നിൽ രണ്ട് ഭൂരിപക്ഷം കിട്ടുന്നയാൾ തന്റെ

തെരഞ്ഞെടുപ്പ് അംഗീകരിക്കുകയും ഉത്തരവാദിത്വം ഏറ്റെടുക്കാൻ തയാറാകുകയും ചെയ്യുന്നതോടെയാണു മാർപാപ്പയെ ഔദ്യോഗികമായി തെരഞ്ഞെടുക്കുന്നത്.

**സിസ്റ്റൈൻ ചാപ്പൽ അടച്ചു, ഇനി കാത്തിരിപ്പിന്റെ ദിനങ്ങൾ**

കോൺക്ലേവിന്റെ തീയതി പ്രഖ്യാപിച്ചതോടെ സിസ്റ്റൈൻ ചാപ്പലിൽ ഒരുക്കങ്ങൾ ആരംഭിച്ചു. ഇതിന്റെ ഭാഗമായി ചാപ്പൽ ഇന്നലെ അടച്ചു. പുതിയ പുകക്കുഴൽ സ്ഥാപിക്കുന്നതടക്കം അല്പം അറ്റകുറ്റപ്പണികൾ ഉടൻ നടത്തും.

മാർപാപ്പയെ തെരഞ്ഞെടുത്ത സന്തോഷവാർത്ത ലോകത്തോടു വിളംബരം ചെയ്ത് സിസ്റ്റൈൻ ചാപ്പലിലെ പുകക്കുഴലിൽനിന്നു വെള്ള പുക ഉയരുകയും സെന്റ് പീറ്റേഴ്സ് ബസിലിക്കയുടെ മണികൾ മുഴങ്ങുകയും സ്വിസ് ഗാർഡുകൾ വത്തിക്കാൻ ചത്വരത്തിൽ ബാൻഡ് വാദ്യവുമായി വലം വയ്ക്കുകയും ചെയ്യും.

തുടർന്ന് കർദിനാൾ സംഘത്തിലെ മുതിർന്നയാൾ സെന്റ് പീറ്റേഴ്സ് ബസിലിക്കയുടെ മട്ടുപ്പാവിലെത്തി 'ഹാ ബേമുസ് പാപ്പാം' (നമുക്കൊരു പാപ്പായെ ലഭിച്ചിരിക്കുന്നു) എന്ന് അറിയിച്ച് പുതിയ മാർപാപ്പയുടെ പേരും സ്വീകരിച്ച നാമവും വെളിപ്പെടുത്തും. പിന്നാലെ പുതിയ മാർപാപ്പ വിശ്വാസികൾക്കു മുന്നിൽ പ്രത്യക്ഷനായി അഭിസംബോധന ചെയ്യും.

(കടപ്പാട് ദീപിക)

## വാർഡ് വാർഷികങ്ങൾ

| വാർഡ് | തീയതി | ദിവസം | സ്ഥലം |
|---|---|---|---|
| 1 | 03.05.2025 | ശനി | സെ.സെബാസ്റ്റ്യൻ ഹാൾ |
| 2 | 04.05.2025 | ഞായർ | ജോസ് കാരികുന്നേലിന്റെ ഭവനം |
| 3 | 04.05.2025 | ഞായർ | നിർമ്മല ജൂനിയർ സ്കൂൾ |
| 4 | 11.05.2025 | ഞായർ | നിർമ്മല പബ്ലിക് സ്കൂൾ |
| 5 | 18.05.2025 | ഞായർ | പൂനാട്ട് അച്ചാമ്മയുടെ ഭവനം |
| 6 | 03.05.2025 | ശനി | നിർമ്മല സദൻ |
| 7 | 03.05.2025 | ശനി | നിർമ്മല ജൂനിയർ സ്കൂൾ |
| 8 | 11.05.2025 | ഞായർ | നെല്ലിപ്പിള്ളിൽ കമ്പനി |
| 9 | 11.05.2025 | ഞായർ | സെ.സെബാസ്റ്റ്യൻ ഹാൾ |
| 10 | 18.05.2025 | ഞായർ | സെ.സെബാസ്റ്റ്യൻ ഹാൾ |

## വിശുദ്ധരുടെ പാതയിലൂടെ

### തൊഴിലാളിയായ വിശുദ്ധ യൗസേപ്പ്

കൈത്തൊഴിൽ ചെയ്ത് തന്റെയും കുടുംബത്തിന്റെയും ഉപജീവനത്തിനുള്ള വക കണ്ടെത്തിയ ഒരു തൊഴിലാളിയായിരുന്നു വിശുദ്ധ യൗസേപ്പ്. ഒരു തച്ചന്റെ മകൻ (മത്തായി 13:55) എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഈശോയും 30 വയസ്സുവരെ വി. യൗസേപ്പിനോടൊപ്പം ആശാരിപ്പണി ചെയ്തിരുന്നു. ഭരണകൂടത്തിന്റെ ഭീകരതയെ ഭയന്ന് നാടുവിട്ടോടി അന്യദേശത്ത് പ്രവാസജീവിതം കഴിക്കേണ്ടി വന്ന ഒരു കുടുംബത്തിന്റെ നാഥനായിരുന്നു തൊഴിലാളിയായ വി. യൗസേപ്പ്. പ്രവാസജീവിതം കഴിഞ്ഞ് തിരിച്ചുവന്നപ്പോൾ താൻ വിട്ടുപോയ സ്ഥലം സുരക്ഷിതമല്ലെന്നു കണ്ട യൗസേപ്പിന് വീണ്ടും വേറൊരു സ്ഥലത്തേക്ക് താമസം മാറ്റേണ്ടിവന്നു. ആയിരക്കണക്കിന് തൊഴിലാളികൾ ഇന്നും ലോകത്തിൽ ഇങ്ങനെ അലഞ്ഞു നടന്ന് പണിയെടുക്കുന്നു. ഇവരുടെയെല്ലാം മാദ്ധ്യസ്ഥനാണ് വി. യൗസേപ്പ്.

1955 മെയ് 1-ന് ഇറ്റലിയിലെ തൊഴിലാളികളുടെ കത്തോലിക്കാ സംഘടനയുടെ ഒരു മഹാസമ്മേളനം റോമിൽ നടന്നു. അവിടെ വിശുദ്ധ പത്രോസിന്റെ ചത്വരത്തിൽ തിങ്ങിക്കൂടിയ തൊഴിലാളികൾ അവരുടെ സംഘടനയുടെ പത്താം വാർഷികം ആഘോഷിക്കുകയായിരുന്നു. അന്ന് കത്തോലിക്കാസഭയുടെ സാമൂഹ്യ പ്രവർത്തനങ്ങളോട് അവർ ഐക്യ ദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് പ്രതിജ്ഞയെടുത്തു. അന്ന് പിയൂസ് പന്ത്രണ്ടാമൻ മാർപ്പാപ്പ തൊഴിലാളിയായ വി.യൗസേപ്പിന്റെ തിരുനാൾ മെയ് ഒന്നിന് തീർച്ചപ്പെടുത്തി പ്രഖ്യാപിച്ചു. അദ്ദേഹം പറഞ്ഞു: ഞാൻ നിങ്ങൾക്ക് ഒരു സമ്മാനം തരുന്നു. മെയ് ഒന്ന് മേലിൽ തൊഴിലാളിയായ വിശുദ്ധ യൗസേപ്പിന്റെ തിരുനാളായിരിക്കും. ഇപ്പോൾ ഒരു ഇടയനും, ഒരു സംരക്ഷകനും, ഒരു പിതാവും നിങ്ങളുടെ പക്ഷത്തുണ്ട്.

1889ൽ തന്നെ പതിമൂന്നാം ലെയോ മാർപ്പാപ്പ വിശുദ്ധ യൗസേപ്പിനെ അവശതയനുഭവിക്കുന്നവരുടെയും ജോലിക്കാരുടെയും തൊഴിലാളികളുടെയും ഒരു മാതൃകയായി ഉയർത്തിക്കാണിച്ചിരുന്നു. ബനഡിക്റ്റ് പതിനൊന്നാം മാർപ്പാപ്പ വി.യൗസേപ്പിനെ മാതൃ കാതൊഴിലാളിയായി ചൂണ്ടിക്കാണിക്കുകയും തൊഴിലാളികളുടെ വഴികാട്ടിയും സ്വർഗ്ഗീയ മധ്യസ്ഥനുമായി അദ്ദേഹത്തെ അവതരിപ്പിക്കുകയും ചെയ്തിരുന്നു. പതിനൊന്നാം പിയൂസ് മാർപ്പാപ്പ നിരീശ്വര കമ്യൂണിസത്തിനെതിരായ സമരത്തിൽ മധ്യസ്ഥനായി നസ്രത്തിലെ തൊഴിലാളിയായിരുന്ന വി.യൗസേപ്പിനെ തിരഞ്ഞെടുത്തു. ലോക കമ്യൂണിസത്തിനെതിരായ

സഭയുടെ വമ്പിച്ച സമരം അതിന്റെ ശക്തനായ സംരക്ഷകനായ വി.യൗസേപ്പിന്റെ കൊടിക്കീഴിൽ ആയിരിക്കണമെന്ന് നാം തീർച്ചയാക്കിയിരിക്കുന്നു. ക്രിസ്തുവിന്റെ രാജ്യത്തിൽ സമാധാനത്തിന്റെ ആഗമനത്തെ ഇതു ത്വരിതപ്പെടുത്തും. ഇതാണ് ഏവരും തീക്ഷ്ണമായി ആഗ്രഹിക്കുന്നത്. വി.യൗസേപ്പ് തൊഴിലാളി വർഗ്ഗത്തിൽപ്പെട്ടവനാണ്. അദ്ദേഹം തന്റെയും കുടുംബത്തിന്റെയും ദാരിദ്ര്യത്തിന്റെ ഭാരം ചുമന്നവനാണ്. അദ്ദേഹം തന്റെ ദൈനംദിന ചുമതലകളുടെ പ്രതിബദ്ധതയോടെയുള്ള നിർവ്വഹണത്തിൽ തങ്ങളുടെ കൈകളുടെ അധ്വാനംകൊണ്ട് അന്നന്നത്തെ അപ്പം സമ്പാദിക്കുന്ന ഏവർക്കും ഒരു മാതൃക കാട്ടിത്തരുന്നു.

യൂറോപ്പിൽ വസന്തകാലത്തിന്റെ നടുവിൽ മെയ് ഒന്നാം തീയതി എത്തുന്നു. പണ്ട് അത് പുഷ്പങ്ങളുടെ ദിനമായിരുന്നു. പിന്നീട് റഷ്യൻ വിപ്ലവത്തിനുശേഷം മെയ് ഒന്ന് തൊഴിലാളി ദിനമായി ആചരിക്കപ്പെട്ടു തുടങ്ങി. അതിനെ പവിത്രീകരിച്ച പന്ത്രണ്ടാം പിയൂസ് അതിന് പരിശുദ്ധിയുടെ പരിമളം ചാർത്തി തൊഴിലാളിയായ വിശുദ്ധ യൗസേപ്പിന്റെ തിരുനാളായി ഉയർത്തി. അദ്ദേഹം പറയുന്നു: ലോകരക്ഷകനും ദൈവവുമായ മനുഷ്യപുത്രന്റെ ഹൃദയത്തിൽനിന്ന് പരിശുദ്ധാത്മാവ് നിങ്ങളിലും എല്ലാവരിലും ചിന്ത പ്പെടുന്നു. ഈശോയുടെ വളർത്തുപിതാവായ വി.യൗസേപ്പിൽ എന്നതുപോലെ വേറൊരു തൊഴിലാളിയിലും പരിശുദ്ധാത്മാവ് ഇത്ര അഗാധമായി പ്രവേശിച്ചിട്ടില്ല. യൗസേപ്പിതാവ് തൊഴിലിലും കുടുംബജീവിതത്തിലും ഈശോയോടുകൂടെ ജീവിച്ചു. നിങ്ങൾ ക്രിസ്തുവിനോട് അടുത്തായിരിക്കാൻ വീണ്ടും ഞാൻ പറയുന്നു. യൗസേപ്പിന്റെ പക്കൽ പോകുവിൻ (ഉൽപ്പത്തി. 41:44).

ജോലി ഒരിക്കലും അതിനാൽ തന്നെ ഒരു ശിക്ഷയായി പരിഗണിക്കപ്പെടുന്നില്ല. അതു ദൈവിക പദ്ധതിയെ രൂപപ്പെടുത്തുന്നു. നമ്മൾ ഒരു കസേരയോ കത്തീഡ്രൽ പള്ളിയോ നിർമ്മിക്കുമ്പോൾ, നമ്മുടെ കൈകളും ഹൃദയങ്ങളും മനസ്സുകളും കൊണ്ട് ഫലം പുറപ്പെടുവിക്കാൻ നമ്മൾ വിളിക്കപ്പെടുന്നു. അതായത് ക്രിസ്തുവിന്റെ ശരീരം നിർമ്മിക്കാനുള്ള ആത്യന്തിക ലക്ഷ്യത്തിനുവേണ്ടി വിളിക്കപ്പെട്ടവരാകുന്നു വി. യൗസേ പ്പിനെപ്പോലെ.

വിചിന്തനം: അതിനാൽ നിങ്ങൾ ഭക്ഷിക്കുകയോ പാനം ചെയ്യുകയോ മറ്റെന്തെങ്കിലും പ്രവർത്തിക്കുകയോ ചെയ്യുമ്പോൾ, അവയെല്ലാം ദൈവമഹത്വത്തിനായി ചെയ്യുവിൻ (1കൊറി 10:31).

# ബൈബിൾ ക്വിസ്സ്




08

**ലോഗോസ് ക്വിസ് 25 സെപ്റ്റംബർ 28, 2025 (രജിസ്ട്രേഷൻ) – ജൂൺ 1, 2025 – ജൂലൈ 31, 2025**

25-ാം അഖില കേരള രൂപതാതല ലോഗോസ് ക്വിസ് 2025 സെപ്റ്റംബർ 28 ന് നടക്കുന്നു. പാഠഭാഗം - ന്യായാധിപന്മാർ 11-21, പ്രഭാഷകൻ 41-50, ലൂക്ക 17-24, എഫേസോസ് 1-6. ഇനിയുള്ള 15 ചോദ്യങ്ങൾ ഈ പാഠഭാഗങ്ങൾ അടിസ്ഥാനമാക്കിയും 5 ചോദ്യങ്ങൾ ബുള്ളറ്റിനിലെ ലേഖനങ്ങൾ അടിസ്ഥാനമാക്കിയുള്ളതാണ്. 20-ാം തീയതിക്ക് മുമ്പായി ഉത്തരങ്ങൾ എഴുതി പള്ളിയുടെ മോണ്ടളത്തിൽ സ്ഥാപിച്ചിരിക്കുന്ന ബോക്സിൽ നിക്ഷേപിക്കുക. ശരിയുത്തരം നൽകുന്നവരിൽ നിന്നും നറുക്കെടുത്ത് 2 പേർക്ക് 100 രൂപ വീതവും മറ്റുള്ളവർക്ക് പ്രോത്സാഹന സമ്മാനവും നൽകുന്നതാണ്.

## ബൈബിൾ ക്വിസ് 8 ചോദ്യങ്ങൾ

### പ്രഭാഷകൻ 41-43 അദ്ധ്യായങ്ങൾ

1. മർത്ത്യ വർഗ്ഗത്തിനുള്ള കർത്താവിന്റെ തീർപ്പാണ് ഇത്? ഏത്?
2. ആയിരം സ്വർണ നിക്ഷേപങ്ങളെക്കാൾ അക്ഷയമായിട്ടുള്ളത് എന്ത് ?
3. കുഞ്ഞുങ്ങളേ ഉപദേശങ്ങൾ പാലിച്ച് ..................ൽ വർത്തിക്കുവിൻ
4. പാപികളുടെ സന്താനങ്ങൾ സമ്മേളിക്കുന്നത് എവിടെ ?
5. ആയുസ്സ് പത്തോ നൂറോ ആയിരമോ വർഷം ആയിക്കൊള്ളട്ടെ. അതേപ്പറ്റി ചോദ്യമില്ലാത്തത് എവിടെയാണ് ?
6. ............ എല്ലാ സൃഷ്ടികളിലും നിറഞ്ഞിരിക്കുന്നു
7. എല്ലാം സൃഷ്ടിച്ചത് കർത്താവാണ്. തന്റെ ഭക്തർക്ക് അവിടന്ന്............ പ്രദാനം ചെയ്യുന്നു.
8. അവിടുന്ന് ഇച്ഛിക്കുമ്പോൾ ........... വീശുന്നു.
9. കാലം നിർണയിക്കാനും ശാശ്വതമായ അടയാളമായിരിക്കാനും കർത്താവ് സൃഷ്ടിച്ചത് എന്ത്?
10. മൂന്നു കാര്യങ്ങൾ കൊണ്ട് അവിടുന്ന് ഭൂമിയെ ശാസിക്കുന്നു. അവ ഏതെല്ലാം ?
11. അവിടുന്ന് ............. മുതൽ................ വരെ സ്ഥിതി ചെയ്യുന്നു.
12. വസ്ത്രത്തിൽ നിന്ന് ........ എന്നപോലെ സ്ത്രീയിൽ നിന്ന് ദുഷ്ടത വരുന്നു.
13. വൃദ്ധനെ ഉപദേശിക്കുന്നതിൽ ലജ്ജിക്കേണ്ടതില്ലാത്തതെപ്പോൾ ?
14. കർത്താവിന്റെ പ്രവൃത്തികൾ.......... വഴി നിർവഹിക്കപ്പെടുന്നു.
15. ......... പ്രത്യക്ഷമാകുമ്പോൾ ചൂടു ശമിച്ച് ഉൻമേഷമുണ്ടാകുന്നു.
16. വി.യൗസേപ്പിതാവിനെ തൊഴിലാളികളുടെ മദ്ധ്യസ്ഥനായി പ്രഖ്യാപിച്ച ദിവസം ഏത്? മാർപാപ്പ ആര് ?

17. ജോലിയെ ഒരു സുകൃതമായി കരുതിയിരുന്നതാര് ?
18. രണ്ടാംക്രിസ്തു എന്നറിയപ്പെടുന്ന വിശുദ്ധൻ ആര് ?
19. യൂറോപ്പിൽ പണ്ടുകാലത്ത് മെയ് 1 ഏതു ദിനമായിട്ടാണ് ആചരിക്കുന്നത് ?
20. സ്ഥാനാരോഹണത്തിനു വരും വഴി ഫ്രാൻസിസ് പാപ്പാ ചുംബനം നൽകിയ ശാരീരിക ന്യൂനതകളുള്ള വ്യക്തിയുടെ പേരെന്ത്?

**ബൈബിൾ ക്വിസ് – 7 ശരിയുത്തരങ്ങൾ**

1. മിസ്പായിൽ
2. ബഥേലിൽ
3. കാനാൻദേശത്തു ഷിലോയിലെ പാളയത്തിലേക്കു
4. മരുഭൂമിയിൽ റിമ്മോൺ പാറയിൽ
5. യാബേഷ് ഗിലയാദ് നിവാസികൾ
6. മുന്തിരിത്തോട്ടങ്ങളിൽ
7. ഷീലോയിൽ
8. അറുന്നൂറുപേർ
9. യൂദാ
10. ഗിബെയായ്ക്കു
11. ഗിലയാദു ദേശക്കാർ
12. ലേവി ഗോത്രക്കാരൻ
13. ബാൽതാമാറിൽ
14. പുകപടലം
15. ഗിബെയായ്ക്ക്
16. മാമ്മോദീസായിലൂടെ
17. പാപബോധം
18. വീട്ടുവേലക്കാരുടെയും ഭൃത്യന്മാരുടെയും
19. മാലാഖ വാതിൽ
20. ലൂക്കായിലെ സാൻഫ്രെഡിയാനോ

**ബൈബിൾ ക്വിസ് – 7**
**ആകെ പങ്കെടുത്തവർ 19 ശരിയുത്തരമെഴുതിയവർ 13**

1. ജോസ് ജോസഫ്, തലയ്ക്കൽ
2. ലിസമ്മ ഐപ്പ്, കല്ലിങ്കൽ
3. മേരി ജോർജ്ജ്, മണ്ണൂർ
4. മേരി തോമസ്, നടാംകുഴിയിൽ
5. ജിജി രാജേഷ്, പൊന്നുംപുരയിടം
6. തെരേസ ജോസഫ്, തെക്കേക്കുന്നേൽ
7. ഷൈനി ബേബി, തെക്കേക്കുന്നേൽ
8. എലിസബത്ത് ജോൺ, മഞ്ചേരിൽ
9. ലിൻസി ബിജു, ചുണ്ടങ്ങായിൽ
10. മറിയക്കുട്ടി ഉലഹന്നാൻ, ചെറുപറമ്പിൽ
11. എൽസി റ്റോമി, മാറാമറ്റത്തിൽ
12. തങ്കച്ചൻ, ചേരിയിൽ
13. Sr. ആൻസ് വാരിക്കാട്ട് അമലഭവൻ

**ബൈബിൾ ക്വിസ് 8. സമ്മാനാർഹർ**

1. ഷൈനി ബേബി തെക്കേക്കുന്നേൽ
2. Sr. ആൻസ് വാരിക്കാട്ട് അമലഭവൻ

# വാർഡ് വാർത്തകൾ

## ജന്മദിനാശംസകൾ

### വാർഡ് 1
### നിർമ്മല മാതാ

- ഏലമ്മ പുത്തൻകുടിയിൽ
- ഫെബിൻ പുത്തൻകുടിയിൽ
- അന്ന അലീന പുത്തൻകുടിയിൽ
- റോസിലി പനയേലിൽ
- ലിസമ്മ കല്ലിങ്കൽ
- അങ്കിത ജിന്റോ മാറാമറ്റത്തിൽ

### വാർഡ് 2
### സെന്റ് ജോസഫ്

- ഷാജി നടുത്തോട്ടത്തിൽ
- ജോസ് കാരികുന്നേൽ
- കുരുവിള മാങ്കുട്ടത്തിൽ
- ജോയ്സ് വർങ്ങലകുടിയിൽ
- ബിനോയ് മാടശ്ശേരിൽ
- ഡെലീഷ്യ മാഞ്ഞൂരാൻ

### വാർഡ് 3
### സെന്റ് മേരീസ്

- ജോണി അടപ്പൂർ
- അനു വർങ്ങലക്കുടിയിൽ
- സതീഷ് വർങ്ങലക്കുടിയിൽ
- ജെയിംസ് വടക്കേൽ
- ഷിബിന വർങ്ങലക്കുടിയിൽ
- സോബൻ തലയ്ക്കൽ
- സണ്ണി കുടിയാംശ്ശേരിൽ
- ഷാജി വയലിൽ
- ബെന്നറ്റ് വയലിൽ
- ജോണറ്റ് വയലിൽ

### വാർഡ് 4
### ഹോളി ഫാമിലി

- നവീൻ ബെന്നി പാലക്കോട്ടിൽ
- സിമ്മി ചെട്ടിശ്ശേരിൽ
- മരിയ സിമ്മി ചെട്ടിശ്ശേരിൽ
- ജോസഫ് തോമസ് ചേർക്കോട്ട്
- ബിബിൻ തോട്ടത്തിൽ
- ജോർജ് നെടുന്തള്ളിൽ
- ലീന ഞൂഴുമുറിയിൽ
- രെഹൻ പിട്ടാപ്പിള്ളിൽ
- മേരി തോമസ് നടാംകുഴിയിൽ

**വാർഡ് 5**

**സെന്റ് ജോർജ്ജ്**

- ഓമന നെടുംങ്കല്ലേൽ
- സഞ്ജു കിഴക്കേൽ
- ജോമി നടാംകുഴിയിൽ
- റയൺ തിരുതാളിൽ
- അഗസ്റ്റ്യൻ പടിഞ്ഞാറേക്കുടി
- അനുജ കളാംപ്പറമ്പിൽ
- ജെറിൻ തെക്കുംപുറത്ത്
- റിയ തെക്കുംപുറത്ത്
- ബെന്നി മെതിപ്പാറയിൽ
- അലൻ മെതിപ്പാറയിൽ
- ബാബു മെതിപ്പാറയിൽ
- റോയി പൂനാട്ട്
- കെന്നി പൂനാട്ട്
- ആൽബിൻ കാളാംപറമ്പിൽ
- എമിലിൻ മെതിപ്പാറയിൽ
- സിബി മെതിപ്പാറയിൽ

---

**വാർഡ് 6**

**സെന്റ് ഫ്രാൻസിസ്**

- മോളി ചുണ്ടങ്ങായിൽ
- മേരി ചുണ്ടങ്ങായിൽ
- ആൽഫ റോസി തോമസ് ചുണ്ടങ്ങായിൽ
- മാർഗ്ഗരറ്റ് കാരിയ്ക്കാപ്പറമ്പിൽ
- മഞ്ജു കാട്ടുകുടിയിൽ
- ജീവൻ മെതിപ്പാറയിൽ
- ജിയോ പ്ലാക്കിൽ
- സന്തോഷ് കൊച്ചുവീട്ടിൽ
- ജോസഫ് പാലക്കാട്ടുപുത്തൻപുരയിൽ
- സംഗീത് പുത്തൻപുരയ്ക്കൽ
- അനു പുത്തൻപുരയ്ക്കൽ
- ആനി പുത്തൻപുരയ്ക്കൽ
- രഞ്ജു പുത്തൻകുടിയിൽ
- സുജിത്ത് വടക്കുംചേരിൽ
- അനുപമ മുട്ടംതോട്ടിൽ
- സെബിൻ മുട്ടംതോട്ടിൽ
- ജോൺസ് മുട്ടംതോട്ടിൽ

---

**വാർഡ് 7**

**സെന്റ് പീറ്റേഴ്സ്**

- സിബിൻ ഇരമംഗലത്ത്
- ജോർജ് വടക്കുംഞ്ചേരിയിൽ
- ജോസഫ് പുതുശ്ശേരി
- പ്രിയ പുതുശ്ശേരി
- സെബാസ്റ്റ്യൻ പുതുശ്ശേരി
- മഞ്ജു നടുവിലേക്കുറ്റ്
- സുമൻ കൊണ്ടാട്ടുപറമ്പിൽ
- ജോസഫ് പുത്തനങ്ങാടി
- സിംന പരുവംമൂട്ടിൽ
- തോമസ് നടുതലമറ്റത്തിൽ

- എൽസി നടുതലമറ്റത്തിൽ
- എഡ്വിൻ നടുതലമറ്റത്തിൽ
- ഹിലാരി അമ്മച്ചിപ്പറമ്പിൽ
- സിഖിൽ അമ്മച്ചിപ്പറമ്പിൽ
- ജോസഫ് മൂഞ്ഞേലി
- ആന്റണി മൂത്തേടൻ
- സെറീന മൂത്തേടൻ
- ഡെന്നീസ് കൊറ്റാൻഞ്ചേരി

---

**വാർഡ് 8**

**സെന്റ് അഗസ്റ്റിൻസ്**

- ബിജു കുന്നുമ്മേൽ
- സിനി കുന്നുമ്മേൽ
- ജോഫി കുന്നുമ്മേൽ
- സിഞ്ജു പുത്തൻകുടിയിൽ
- മെജോ വാഴയിൽ
- ജോബിൻ കാളാംപറമ്പിൽ
- ലില്ലി കാളാംപറമ്പിൽ
- സീമ പാത്തംകുളമ്പേൽ
- നിബിൻ പുത്തൻകുടിയിൽ
- വർഗീസ് നെടുംപിടീകയിൽ
- ജോജി മുണ്ടങ്ങാട്ടിൽ
- ബിജു മുണ്ടങ്ങാട്ടിൽ
- ലിജി പുത്തൻകുടിയിൽ
- ജോൺ ചിറകണ്ടത്തിൽ
- ജാൻസി കൊല്ലായിക്കുടിയിൽ
- മഞ്ജു പാത്തംകുളമ്പേൽ
- ജോയൽ കരിമുണ്ടക്കൽ

---

**വാർഡ് 9**

**ഫാത്തിമ മാത**

- ഡോൺ കണംകൊമ്പിൽ
- എബിൻ നെടുംഞ്ചാലിൽ
- ഷൈബി താണിമറ്റത്തിൽ
- അന്നം കുമ്പളംചോട്ടിൽ
- ബീന കണംപിള്ളിൽ
- നിഷ നെടുഞ്ചാലിൽ
- സിജി വെളിയനാൽ
- മേരി കുറ്റപ്പിള്ളിൽ
- അന്ന പുത്തൻപുരപുല്ലൻ
- ആനി തൊട്ടിയിൽ

---

**വാർഡ് 10**

**ക്രിസ്തുരാജ്**

- ഷാജി കടപ്ലാക്കൽ
- ലീലാമ്മ മലമ്പുറത്ത്
- ലിറ്റി മോൾ കൈനയ്ക്കൽ
- ബേബി രാജ് ഇഞ്ചയ്ക്കപുത്തൻപുരയിൽ
- ഏലിക്കുട്ടി തെങ്ങുംപിള്ളിൽ
- ലൂസി കണിച്ചാട്ട്

# വിവാഹ വാർഷികം

| | |
|---|---|
| വാർഡ് 1 നിർമ്മല മാതാ | |
| വാർഡ് 2 സെന്റ് ജോസഫ് | ജോസ് & ലില്ലി കണ്ടനാട്<br>സാജു & നിഷ കണിയാമ്പുറം<br>ജോബിൻ & റിയ നടുത്തോട്ടത്തിൽ |
| വാർഡ് 3 സെന്റ് മേരീസ് | ജേക്കബ് & റോസ്മി, ചെറായിൽ<br>ജോസ് & സൂസി, വർങ്ങലക്കുടിയിൽ<br>സതീഷ് & സിമി, വർങ്ങലക്കുടിയിൽ<br>ജോൺ & ലൂസി ചെറുപറമ്പിൽ |
| വാർഡ് 4 ഹോളി ഫാമിലി | സിമ്മി & ബിജി ചെട്ടിശ്ശേരിൽ |
| വാർഡ് 5 സെന്റ് ജോർജ്ജ് | മാത്യു & ആലീസ് ആക്കപ്പടിയ്ക്കൽ<br>ജോബി & ജിജി വെട്ടുകാട്ടിൽ<br>ലീന & എബി മെതിപ്പാറയിൽ<br>ദേവസി & വിമല തച്ചിൽ<br>അഗസ്റ്റ്യൻ & ചിന്നമ്മ പടിഞ്ഞാറേക്കുടി<br>ജോയി & വൽസ പുളിക്കൽ<br>ജോസഫ് & ഡെയ്സി നടാംകുഴിയിൽ |
| വാർഡ് 6 സെന്റ് ഫ്രാൻസിസ് | ജോർജ്ജ് & മോളി ചുണ്ടങ്ങായിൽ<br>ഡോമനിക് & ലിസി ഇല്ലിക്കാമുറിയിൽ<br>ദേവസ്യ & ഫിലോമിന കപ്യാരിട്ടയിൽ<br>സേവ്യർ & പെണ്ണമ്മ കാട്ടുകുടിയിൽ<br>സാബു & ഇന്ദു നെടുംപുറത്ത്<br>ജോസഫ് & എൽസി പ്ലായ്ക്കിൽ<br>തോമസ് & ചിന്നമ്മ പൂനാട്ട് |
| വാർഡ് 7 സെന്റ് പീറ്റേഴ്സ് | സെബാസ്റ്റ്യൻ & ഷെർളി ഇരമംഗലത്ത് |
| വാർഡ് 8 സെന്റ് അഗസ്റ്റിൻസ് | പോൾ & മിനി നെല്ലിപ്പിള്ളിൽ<br>ബെൽജി & നിഷ കാളാംപറമ്പിൽ<br>ബൈജി & അനു കാളാംപറമ്പിൽ<br>അലക്സ് & സിനി ചിറാക്കുളങ്ങര<br>ജോളി & സിമി കാരിയ്ക്കൽ |
| വാർഡ് 9 ഫാത്തിമ മാത | ഫ്രാൻസീസ് & അക്കാമ്മ കൊല്ലായിക്കുടിയിൽ<br>ജോസ് & ആലീസ് കാവുംപുറത്ത്<br>ബെന്നി & മിനി ആടുകുഴിയിൽ<br>ആന്റണി & മഞ്ജു പുത്തൻപുരപുല്ലൻ |
| വാർഡ് 10 ക്രിസ്തുരാജ് | മാത്യു & കൊച്ചുറാണി പുള്ളോലിൽ |

# ദൈവാലയ വായനകൾ

## 2025 മെയ്

### ഉയിർപ്പുകാലം

4 ഞാ ഏശ 56:1-7
ശ്ലീഹ 5:34-42
എഫേ 1:3-14
യോഹ 14:1-14

5 തി യാക്കോ 5:7-12
മത്താ 25:1-13

6 ചൊ 1 തെസ 5:12-22
മർക്കോ 4:13-20
**വിശുദ്ധ ഡൊമിനിക് സാവിയോ**
1 യോഹ 2:14-17
മർക്കോ 10:13-16

7 ബു ഫിലി 1:21-26
മത്താ 8:1-4

8 വ്യാ 2 കോറി 8:1-11
മർക്കോ 4:35-41

9 വെ റോമാ 15:1-6
ലൂക്കാ 6:6-11

10 ശ യാക്കോ 2:14-17
ലൂക്കാ 6:46-49

11 ഞാ **ലോകദൈവവിളി പ്രാർത്ഥനാദിനം**
ഏശ 49:13-23
ശ്ലീഹ 8:14-25
എഫേ 2:1-7
യോഹ 16:16-24

12 തി 1 തിമോ 6:13-16
ലൂക്കാ 20:9-16

13 ചൊ 1 തിമോ 6:17-21
മത്താ 19:23-30

14 ബു ഹെബ്രാ 7:1-10
യോഹ 5:30-38
**വിശുദ്ധ മത്തിയാസ് ശ്ലീഹാ**
1 സാമു 16:4-13
ശ്ലീഹ 1:15-26
1 കോറി 1:26-30
മത്താ 11:25-30

15 വ്യാ 2 പത്രോ 2:1-3
മത്താ 15:1-9
**വിളവുകളുടെ സംരക്ഷകയായ മറിയത്തിന്റെ തിരുനാൾ**
പുറ 23:14-16
ജോയേ 2:21-29
റോമാ 11:25-32
മത്താ 18:10-14

16 വെ എഫേ 5:13-21
മർക്കോ 6:35-44

17 ശ 1 കോറി 14:20-25
മർക്കോ 6:1-6

18 ഞാ **മാർ അദ്ദായി**
ഏശ 49:7-13
ശ്ലീഹ 9:1-9
ഹെബ്രാ 10:19-25
യോഹ 21:1-14

19 തി 1 പത്രോ 4:12-19
ലൂക്കാ 11:29-32

20 ചൊ യാക്കോ 1:22-27
മത്താ 21:18-22

21 ബു കൊളോ 3:5-11
യോഹ 3:1-8

22 വ്യാ ഹെബ്രാ 3:7-13
യോഹ 5:24-29

23 വെ 1 കോറി 2:1-5
മത്താ 15:10-20

24 ശ ഹെബ്രാ 7:11-17
യോഹ 15:26-16:4

25 ഞാ ഏശ 52:7-12
ശ്ലീഹ 10:9-16
എഫേ 2:11-22
യോഹ 17:20-26

26 തി 1 പത്രോ 2:1-5
മത്താ 23:23-28

27 ചൊ 2 പത്രോ 3:10-13
മർക്കോ 13:32-37

28 ബു എഫേ 5:1-5
യോഹ 15:11-17

29 വ്യാ **നമ്മുടെ കർത്താവിന്റെ സ്വർഗാരോഹണം**
(കടമുള്ള ദിവസം)
2 രാജാ 2:1-12
ശ്ലീഹ 1:6-11
1 തിമോ 2:1-7
ലൂക്കാ 24:44-53

30 വെ ഫിലി 3:12-15
യോഹ 3:31-36

31 ശ 1 കോറി 7:32-35
മത്താ 3:7-12
**പരിശുദ്ധ കന്യകാമറിയത്തിന്റെ സന്ദർശനം**
റോമാ 12:9-16
ലൂക്കാ 1:39-45
**വിശുദ്ധ ജസ്റ്റിൻ**
ഉത്പ 18:23-32
ജ്ഞാനം 10:9-14
1 കോറി 1:18-25
ലൂക്കാ 12:2-8

## 2025 ജൂൺ

1 ഞാ ഏശ 6:1-13
ശ്ലീഹ 1:15-26
ഫിലി 2:1-11
മർക്കോ 16:14-20

2 തി 2 തെസ 2:13-17
യോഹ 4:3-15

3 ചൊ 1 കോറി 8:8-13
ലൂക്കാ 12:13-21

4 ബു 1 യോഹ 4:12-21
യോഹ 17:1-5

5 വ്യാ 1 യോഹ 1:1-13
ലൂക്കാ 14:25-35

6 വെ 1 യോഹ 2:22-25
മത്താ 24:7-14


7 ശ 1 കോറി 9:13-18
മത്താ 18:23-35
**വി.മറിയം ത്രേസ്യ**
ഉത്പ 12:1-4
പ്രഭാ 2:1-6
ഗലാ 2:19-21
മത്താ 25:31-40

**വിശുദ്ധ ഗ്രന്ഥവായനകൾ**

| തീയതി | സമയം | പഴയനിയമം | ലേഖനം |
|---|---|---|---|
| 04.05.2025 | 5.30 am | ജോസ് വെണ്ടർമ്യാലിൽ | ജയിംസ് വടക്കേൽ |
| | 7.00 am | സെലിൻ കണ്ണിക്കാട്ട് | തങ്കച്ചൻ ചേരിയിൽ |
| 11.05.2025 | 5.30 am | ജോസ് പനോക്കാരൻ | ജോൺസൺ വെണ്ടർമ്യാലിൽ |
| | 7.00 am | റോസ്മി ചെറായിൽ | ജോസ് തലയ്ക്കൽ |
| 18.05.2025 | 5.30 am | ജോസഫ് പീച്ചാട്ട് | ജോർജ്ജ് തെക്കുംപുറം |
| | 7.00 am | ഷെഫി നടുത്തോട്ടത്തിൽ | ജോർജ്ജ് നടുക്കുടിയിൽ |
| 25.05.2025 | 6.30 am | ജോൺസൺ വെണ്ടർമ്യാലിൽ | ജയിംസ് വടക്കേൽ |
| ഇടവകദിനം | 4.30 pm | റോസ്മി ചെറായിൽ | ജോസ് തലയ്ക്കൽ |
| 01.06.2025 | 5.30 am | ജോസ് പനോക്കാരൻ | ജോസ് വെണ്ടർമ്യാലിൽ |
| | 7.00 am | സെലിൻ കണ്ണിക്കാട്ട് | തങ്കച്ചൻ ചേരിയിൽ |

## സ്നേഹ സ്മരണയ്ക്ക്

**02-ാം ചരമവാർഷികം . 22-5-2025**



**K.X. ബാബു**

**കൊല്ലായിക്കുടിയിൽ**

## സ്നേഹ സ്മരണയ്ക്ക്

**16-ാം ചരമവാർഷികം . 25-5-2025**



**മറിയം പൈലി**

**ഇരമംഗലത്ത്**

# സ്നേഹ സ്മരണയ്ക്ക്

**16-ാം ചരമവാർഷികം . 12-5-2025**




## തങ്കമ്മ വർക്കി

**കുഴികണ്ടത്തിൽ**

# സ്നേഹ സ്മരണയ്ക്ക്

**17-ാം ചരമവാർഷികം. 22-5-2025**



## ജോസഫ് ചാക്കോ

**വെണ്ടർമ്യാലിൽ**

# സ്നേഹ സ്മരണയ്ക്ക്

**11-ാം ചരമവാർഷികം 20-5-2025**



## എം.വി. തോമസ്

**മണവാളൻ**

# സ്നേഹ സ്മരണയ്ക്ക്

**8-ാം ചരമവാർഷികം 01-5-2025**




## മേരി ജോർജ്

**മാഞ്ഞൂരാൻ**

## സ്നേഹ സ്മരണയ്ക്ക്

7-ാം ചരമവാർഷികം 11-05-2025



**ജെയിംസ് ചാക്കോ**

**താഴത്തുവീട്ടിൽ**

## സ്നേഹ സ്മരണയ്ക്ക്

4-ാം ചരമവാർഷികം. 17-05-2025



**അഡ്വ. ജോസ് കെ. മേരിദാസ്**

**കോക്കാട്ട്**



ആദ്യകുർബ്ബാന സ്വീകരിച്ച കുട്ടികൾ വികാരിയച്ചനും അദ്ധ്യാപകർക്കും ഒപ്പം